# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/10/ 2020

## നിരവധി കേസുകളിലെ പ്രതി കാപ്പ പ്രകാരം തടങ്കലിൽ

കൊല്ലം : കരുനാഗപ്പള്ളി, ശൂരനാട് പോലീസ് സ്റ്റേഷനുകളുടെ പരിധിയ്ക്കുള്ളിൽ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ യുവാവിനെ ഗുണ്ടാ നിയമ പ്രകാരം അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ വില്ലേജിൽ പുലിയൂർവഞ്ചി തെക്ക് മുറിയിൽ വെളുത്തമണലിന് സമീപം പുത്തൻതറയിൽ വീട്ടിൽ ചന്ദ്രൻ മകൻ 21 വയസ്സുള്ള ബോക്സർ എന്നറിയപ്പെടുന്ന ദിലീപ് ചന്ദ്രനെയാണ് കൊല്ലം ജില്ലാ മജിസ്ട്രേറ്റിന്റെ കരുതൽ തടങ്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്തത്. കരുനാഗപ്പള്ളി, ശൂരനാട് പോലീസ് സ്റ്റേഷനുകളിലായി കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ കൊലപാതക ശ്രമം, ഭീഷണിപ്പെടുത്തി കവർച്ച, സംഘം ചേർന്ന് ആക്രമണം തുടങ്ങി ആറോളം ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഇയാൾ. ജില്ലയിലെ കുറ്റവാളികൾക്കെതിരെ അവർ ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് അറസ്റ്റ്. കൊല്ലം സിറ്റി പോലീസ് മേധാവി നാരായണൻ. ടി ഐ.പി.എസ്സ്. അവർകളുടെ നിർദ്ദേശാനുസരണം, കരുനാഗപ്പള്ളി എ.സി.പി ജി.ഗോപകുമാറിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളി ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ എസ്സ്. മഞ്ജുലാൽ, എസ്സ്.ഐമാരായ ജയശങ്കർ, ശ്രീകുമാർ, എ. എസ്സ്.ഐ നൗഷാദ്, സി.പി.ഓ ശ്രീകാന്ത് എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ജില്ലയിലെ നിരവധി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള സാമൂഹ്യവിരുദ്ധർക്കെതിരെ സമർപ്പിച്ച റിപ്പോർട്ടുകളിൽ ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ അറസ്റ്റുകൾ വരും ദിവസങ്ങളിൽ ഉണ്ടാവുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

